(ബി) ഈ പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; പ്രൊപ്പോസലിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ധനകാര്യ വകുപ്പിലെ ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് 87682 DEW എന്ന ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ഡി) ആയതിന്റെ നടപ്പ് ഫയലിന്റെയും കുറിപ്പ് ഫയലിന്റെയും പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 30-4-2015 നാണ് പ്രൊപ്പോസൽ ലഭിച്ചത്.

(ബി) ടി പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ പരിശോധിക്കുകയും 7-7-2015-ന് റിമാർക്സ് സഹിതം തദ്ദേശസ്വയംഭരണ വകുപ്പിന് മടക്കി നൽകുകയും ചെയ്തിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) ടി പ്രൊപ്പോസൽ ധനകാര്യ (ഡെവലപ്പ്മെന്റ്) വകുപ്പിൽ പരിശോധിക്കുകയും ധന പി.ആർ.സി. (സി) സെക്ഷന്റെ റിമാർക്കിനായി അയയ്ക്കുകയും ടി സെക്ഷന്റെ റീമാർക്സ് പ്രകാരം കൂടുതൽ വിശദീകരണങ്ങളും രേഖകളും ഉൾപ്പെടെ IKM-ന്റെ ഡയറക്ടറുടെയും ഭരണവകുപ്പിന്റെയും പ്രത്യേകമായ അഭിപ്രായങ്ങൾ സഹിതം വിശദമായ പ്രൊപ്പോസൽ അയയ്ക്കുവാനായി 7-7-2015-ന് തദ്ദേശ സ്വയംഭരണ വകുപ്പിന് മടക്കി നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) നടപ്പ് ഫയലായി ഇൻഫർമേഷൻ കേരള മിഷന്റെ സ്പെഷ്യൽ റൂൾസും ശമ്പളഘടനയും സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ധനകാര്യവകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ. ഇ. കെ. പ്രകാശ് ചെയർമാനായ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ആണുള്ളത്. IKM പ്രൊപ്പോസൽ ഇല്ല (136 പേജ്). കുറിപ്പ് ഫയലിന്റെ പകർപ്പ് (17 പേജ്) ലഭ്യമാക്കുന്നു.

സംസ്ഥാനത്തിന്റെ പൊതുകടം

124 (4706) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വേനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മാസത്തെ സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു ;

(ബി) 2015 ജൂൺ 30 ന് സംസ്ഥാനത്തിന്റെ പൊതുകടം എത്രയാണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2006-07 മുതൽ 2014-15 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തെയും റവന്യൂ വരുമാനം എത്രയായിരുന്നു ;

(ഡി) 2006-07 മുതൽ 2014-15 വരെ ഓരോ സാമ്പത്തിക വർഷവും ലഭിച്ച കേന്ദ്ര ധനസഹായം എത്രയായിരുന്നു; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-3-2011-ൽ സംസ്ഥാനത്തിന്റെ പൊതുകടം 78673.24 കോടി രൂപയായിരുന്നു.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 31-5-2015-ൽ സംസ്ഥാനത്തിന്റെ പൊതുകടം 135114.95 കോടി രൂപയായിരുന്നു.

(സി&ഡി) 2006-07 മുതൽ 2014-15 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തെയും റവന്യൂ വരുമാനവും കേന്ദ്ര ധനസഹായവും (Grant-in-Aid) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

വർഷം	റവന്യൂ വരുമാനം	കേന്ദ്ര ധനസഹായം (Grant-in-Aid)
2006-07	18186.62	2095.19
2007-08	211106.79	2176.59
2008-09	24512.18	2687.19
2009-10	26109.40	2233.38
2010-11	30990.95	2196.62
2011-12	38010.36	3709.22
2012-13	44137.30	3021.53
2013-14	49176.93	4138.20
2014-15	57936.83	7507.99

(*അക്കൗണ്ടന്റ് ജനറലിന്റെ സപ്ലിമെന്ററി കണക്കുകൾ പ്രകാരം)

LIBRARY ARCHIVES Kerala Legislative Assembly